# പതിനഞ്ചാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2021 മേയ് 28, വെള്ളി

നിയമസഭ രാവിലെ 9 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് പ്രത്യേകം പ്രത്യേകം ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

**ഗവർണറുടെ പ്രസംഗം**

നിയമസഭാ മന്ദിരത്തിന്റെ കിഴക്കുവശത്തുള്ള പ്രധാന കവാടത്തിൽ രാവിലെ 8.52-ന് എത്തിച്ചേർന്ന ബഹുമാനപ്പെട്ട ഗവർണറെ (ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ) ബഹുമാന്യരായ സ്പീക്കർ, മുഖ്യമന്ത്രി, പട്ടികജാതി-പട്ടികവർഗ്ഗ, പിന്നോക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി, നിയമസഭാ സെക്രട്ടറി എന്നിവർ ചേർന്ന് സ്വീകരിച്ച് നിയമസഭാ ഹാളിലേയ്ക്ക് ആനയിച്ചു.

ബഹുമാനപ്പെട്ട ഗവർണറുടെ ആഗമനം ചീഫ് മാർഷൽ ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിച്ചു.

ഗവർണർ നിയമസഭാ ഹാളിൽ പ്രവേശിച്ച ഉടനെ സഭാംഗങ്ങൾ എഴുന്നേറ്റ് നിന്ന് ഗവർണറെ സ്വാഗതം ചെയ്തു. തുടർന്ന് ഗവർണറുടെ അംഗരക്ഷകൻ, നിയമസഭാ സെക്രട്ടറി, സ്പീക്കർ, ഗവർണർ, മുഖ്യമന്ത്രി, പട്ടികജാതി-പട്ടികവർഗ്ഗ, പിന്നോക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി, ഗവർണറുടെ സെക്രട്ടറി, ചീഫ് സെക്രട്ടറി എന്നീ ക്രമത്തിൽ ഗവർണറെ സ്പീക്കറുടെ വേദിയിലേയ്ക്ക് ആനയിച്ചു.

ബഹുമാന്യരായ ഗവർണറും സ്പീക്കറും അദ്ധ്യക്ഷവേദിയിൽ അവരവരുടെ ഇരിപ്പിടങ്ങൾക്ക് മുന്നിലെത്തിയപ്പോൾ പോലീസ് ബാന്റ് ദേശീയഗാനവാദനം മുഴക്കി.

ബഹുമാനപ്പെട്ട ഗവർണർ വേദിയിലെത്തി നിയമസഭാ സാമാജികരെ അഭിവാദ്യം ചെയ്ത് ഉപവിഷ്ടനായി.

ബഹുമാനപ്പെട്ട ഗവർണർ രാവിലെ 9.00 മണിക്ക് ആരംഭിച്ച പ്രസംഗം 10.56-ന് പൂർത്തിയാക്കി.

അതിനുശേഷം ബഹുമാനപ്പെട്ട ഗവർണർ സ്വന്തം ഇരിപ്പിടത്തിന് മുന്നിലെത്തിയപ്പോൾ വീണ്ടും പോലീസ് ബാന്റ് ദേശീയഗാനവാദനം മുഴക്കി.

തുടർന്ന് ബഹുമാനപ്പെട്ട ഗവർണറെ ഗവർണറുടെ അംഗരക്ഷകൻ, ബഹുമാന്യരായ സ്പീക്കർ, മുഖ്യമന്ത്രി, നിയമസഭാ സെക്രട്ടറി, പട്ടികജാതി-പട്ടികവർഗ്ഗ, പിന്നോക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി, എന്നിവർ ചേർന്ന് നിയമസഭാ മന്ദിരത്തിന്റെ പ്രധാന കവാടത്തിലേയ്ക്ക് അനുഗമിച്ച് യാത്രയാക്കി.

ബഹുമാനപ്പെട്ട ഗവർണറെ യാത്രയാക്കിയശേഷം ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ യോഗം തുടർന്നു. ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശാനുസരണം ഗവർണറുടെ പ്രസംഗത്തിന്റെ കോപ്പികൾ നിയമസഭാ സാമാജികർക്കും പത്രപ്രവർത്തകർക്കും വിതരണം ചെയ്തു. ഗവർണറുടെ പ്രസംഗം വെബ്സൈറ്റിൽ ലഭ്യമാണെന്നും ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച 2021 മേയ് മാസം 31-ാം തീയതി ആരംഭിക്കുന്നതാണെന്നും നന്ദി പ്രമേയത്തിന് ഭേദഗതികൾ അവതരിപ്പിക്കാൻ ആഗ്രഹിക്കുന്ന അംഗങ്ങൾ 2021 മേയ് 29-ാം തീയതി ശനിയാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിക്ക് മുമ്പായി പ്രസ്തുത ഭേദഗതികൾ നിയമസഭാ സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതാണെന്നും സ്പീക്കർ സഭയെ അറിയിച്ചു.

(സഭ രാവിലെ 11.06-ന് പിരിഞ്ഞു.)

* * * * * * * * * *